ജെ. ഡി. സി. കോഴ്സിന് തെരഞ്ഞെടുക്കപ്പെട്ടവർ

557. [761] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ പരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്ന ജെ. ഡി. സി. കോഴ്സിന് കഴിഞ്ഞ അഞ്ചു വർഷമായി എത്രപേരെ സെലക്ട് ചെയ്തിരുന്നു ;

(ബി) ഈ കാലയളവിൽ നടന്ന ഓരോ ജെ. ഡി. സി. എക്സാമിനേഷനും പങ്കെടുത്തവരെത്ര ; അതിൽ പാസ്സായവരെത്ര ;

(സി) വിജയശതമാനം കുറയുന്നതിന്റെ കാരണത്തെ സംബന്ധിച്ച് പരിശോധിച്ചിരുന്നുവോ ;

(ഡി) എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5075 പേരെ സെലക്ട് ചെയ്തിരുന്നു.

(ബി)	പങ്കെടുത്തവർ	പാസായവർ
1981 ജൂൺ	2049	939
1982 ഒക്ടോബർ	1427	841
1982 ഫെബ്രുവരി	1717	890
1983 ഏപ്രിൽ	216	101
,, ജൂൺ	1240	565
1984 ഫെബ്രുവരി	1546	636
,, ഒക്ടോബർ	1747	781
1985 ജൂൺ	1739	829
1986 ഫെബ്രുവരി	1725	795

(സി) വിജയ ശതമാനം 40%-ൽ കുറയാറില്ലാത്തതിനാൽ ഇക്കാര്യം പരിശോധിക്കേണ്ടി വന്നിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സഹകരണ പരിശീലന കേന്ദ്രങ്ങൾ

558. [763] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ പരിശീലന കേന്ദ്രങ്ങൾ ഉണ്ട് ;

(ബി) ജെ. ഡി. സി., എച്ച്. ഡി. സി. എന്നീ കോഴ്സുകൾക്കുള്ള സിലബസ് പരിഷ്കരിക്കാനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കുമോ ;

(സി) ഓരോ വർഷത്തിലും സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് സഹകരണ പരിശീലനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly